## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1977** **12-09-2023 - ൽ മറുപടിയ്ക്ക്**

## ചിറ്റൂർ കെ.എസ്.ആർ.ടി.സി യാർഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2021-22 - ലെ ബഡ്ജറ്റിൽ ഇരുപതു ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള ബഡ്ജറ്റ് 2021-22 വാല്യം II, അനുബന്ധം II-ൽ ചിറ്റൂർ കെ.എസ്.ആർ.ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. (പേജ് നമ്പർ 78, ക്രമനമ്പർ 1310, അടങ്കൽ തുക 200 ലക്ഷം, 20% വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം) KSRTC-യുടെ Functional Requirements ഉൾപ്പെടുത്തി അംഗീകൃത PMC ആയ Kerala Rail Development Corporation Limited മുഖേന പ്രസ്തുത പദ്ധതിക്കായി പ്ലാൻ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നല്കിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ചില മാറ്റങ്ങൾ വരുത്തി പ്ലാൻ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള ബഡ്ജറ്റ് 2021-22 വാല്യം II, അനുബന്ധം II-ൽ ചിറ്റൂർ കെ.എസ്.ആർ.ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. (പേജ് നമ്പർ 78, ക്രമനമ്പർ 1310, അടങ്കൽ തുക 200 ലക്ഷം, 20% വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം) KSRTC-യുടെ Functional Requirements ഉൾപ്പെടുത്തി അംഗീകൃത PMC ആയ Kerala Rail Development Corporation Limited മുഖേന പ്രസ്തുത പദ്ധതിക്കായി പ്ലാൻ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നല്കിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ചില മാറ്റങ്ങൾ വരുത്തി പ്ലാൻ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ